[ശ്രീ. മത്തായി മാഞ്ഞൂരാൻ]

പ്രശ്നം കഴിയുന്നതും വേഗം പരിഹരിക്കണമെന്ന് അവർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്.

ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഞാൻ അനുമതി നിഷേധിക്കുന്നു.

CALLING ATTENTION UNDER RULE 61

(i) CAPSIZING OF A FISHING BOAT AT AZHIKODE LOCK

ഡെപ്യൂട്ടി സ്പീക്കർ: റൂൾ 61 അനുസരിച്ച് ശ്രീ. എ. എസ്. പുരുഷോത്തമൻ കൊടുത്തിട്ടുള്ള നോട്ടീസിനു വിശദീകരണത്തിനായി ശ്രീ. പുരുഷോത്തമനെ ക്ഷണിച്ചുകൊള്ളുന്നു.

ശ്രീ. എ. എസ്. പുരുഷോത്തമൻ : സർ, അഴീക്കോട് തുറമുഖത്ത് ഡ്രെഡ്ജിംഗ് നടക്കാത്തതുകൊണ്ട് മണ്ണടിഞ്ഞുകിടക്കുകയാണ്. അതുകാരണം വളരെയേറെ അപകടങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ദിനംപ്രതി അനേകം ഫിഷിംഗ് ബോട്ടുകളും മറ്റു വാഹനങ്ങളും അതുവഴി യാത്ര ചെയ്യുന്നുണ്ട്. അതുകൊണ്ട് അവിടെ ഡ്രെഡ്ജിംഗ് നടത്തി ആഴം ഉണ്ടാക്കാതിരുന്നാൽ കൂടുതൽ അപകടങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. ചേറ്റുവായിലും ഇതുകാരണം അപകടമുണ്ടായി രണ്ടുമൂന്നു പേർ മരണപ്പെടുകയുണ്ടായി. അതുകൊണ്ട് കൂടുതൽ അപകടങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുള്ള ഈ അഴിമുഖത്ത് ആഴം വർദ്ധിപ്പിക്കുവാൻ അടിയന്തിരമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ കയ്യിൽ ഡ്രെഡ്ജർ ഇല്ലാത്തതുകൊണ്ട് ചേറ്റുവാ അഴിമുഖത്തുതന്നെ ഡ്രെഡ്ജിംഗ് നടത്താനുള്ള ഗവൺമെന്റിന്റെ ശ്രമം ഇതുവരെയും വിജയകരമായിട്ടില്ലെന്നുള്ളതാണ് പരമാർത്ഥം. അഴീക്കോടിനെ സംബന്ധിച്ചിടത്തോളം ഡ്രെഡ്ജിംഗ് നടത്താനുള്ള ഒരു പരിപാടിപോലും ഗവൺമെന്റിനില്ല. എന്നാൽ അഴീക്കോടു തുറമുഖം ഒരു ഫിഷിംഗ് ഹാർബറാക്കാനുള്ള പരിപാടി ഇൻഡോ-പോം കമ്പനിക്കാർ, ഗവൺമെന്റിനു സമർപ്പിച്ചിട്ടുള്ള സ്കീമിലുണ്ട്. ആ പരിപാടി നടപ്പിലാക്കാൻ ഗവൺമെന്റ് സജീവമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതോടുകൂടി ഈ വിഷമതകളെല്ലാം തീരുമെന്നാണ് വിശ്വസിക്കുന്നത്. താൽക്കാലികമായി അവിടെ ഡ്രെഡ്ജിംഗ് നടത്താൻ കഴിയുമെന്ന് ഉറപ്പു പറയാൻ നിർവ്വാഹമില്ല.

(ii) PROPOSED AGITATION BY THE AGRICULTURISTS OF THE MARADI PANCHAYAT IN MUVATTUPUZHA

ഡെപ്യൂട്ടി സ്പീക്കർ : മൂവാറ്റുപുഴ താലൂക്കിലെ കായനാട്, മാറാടി എന്നീ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ പൂർത്തീകരിച്ചിട്ട് കമ്മിഷൻ ചെയ്യുന്നതിലുണ്ടായിട്ടുള്ള കാലതാമസത്തിൽ പ്രതിഷേധിച്ച് മാറാടി പഞ്ചായത്തിലെ കൃഷിക്കാർ പ്രത്യക്ഷ സമരപരിപാടികൾ സ്വീകരിക്കാൻ തീർച്ചയാക്കി അതിനു നോട്ടീസ് കൊടുത്തിരിക്കുന്നതുമൂലം സംജാതമായിട്ടുള്ള സ്ഥിതിവിശേഷം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ശ്രീ. പി. വി. എബ്രഹാം റൂൾ 61 അനുസരിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly